# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T*177 | 13.07.2016-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

**ചോദ്യം**

ശ്രീ. വി.അബ്ദുറഹിമാൻ
,, എ.പ്രദീപ്കുമാർ
,, സി.കെ.ഹരീന്ദ്രൻ
,, കെ.ആൻസലൻ

**മറുപടി**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ; ഇതിനായി മുൻ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ ;

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപ രേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് സ.ഉ.(എം.എസ്) നം.74/2015/ പൊ.മ.വ., തീയതി 11.09.2015 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.യുമായി 20.01.2016-ന് കരാർ ഒപ്പുവെയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 7.91 ഹെക്ടർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതിക്കായുള്ള, വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതേവരെ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ കൺസൾട്ടന്റായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായുള്ള ഇടക്കാല കൺസൾട്ടന്റായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡും (ഡി.എം.ആർ.സി.) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും (കെ.ആർ.റ്റി.എൽ.) തമ്മിൽ 20.01.2016-ന് കരാർ ഒപ്പുവെച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നഗരങ്ങളിൽ ലൈറ്റ് മെട്രോയ്ക്ക് പകരം മെട്രോ പദ്ധതിയാണ് ആവശ്യമെന്ന വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുനഃ പരിശോധന ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

(ഡി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ ഭൂപ്രകൃതിയും, ഗതാഗത സാന്ദ്രതയും (നിലവിലുള്ളതും 2041 വരെ പ്രതീക്ഷിക്കുന്നതും), കണക്കിലെടുത്തുകൊണ്ടാണ് ലൈറ്റ് മെട്രോ അനുയോജ്യമാണെന്ന നിഗമനത്തിൽ എത്തിയിട്ടുള്ളത്. കൂടാതെ പദ്ധതി അടങ്കൽ തുകയിൽ മെട്രോ പദ്ധതിയെ അപേക്ഷിച്ച് 30% വരെ കുറവ് ലൈറ്റ് മെട്രോ പദ്ധതിയിൽ ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. നഷ്ടം കൂടാതെ ഈ സംവിധാനം ദീർഘകാലം പ്രവർത്തിക്കണമെങ്കിൽ പദ്ധതിച്ചെലവ് കുറഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ തീരുമാനം പുനഃപരിശോധിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**